**കേരള സർക്കാർ**

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

**<u>സർക്കുലർ നമ്പർ 60/2019/ധന തിയതി 12/06/2019</u>**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ-വിവിധ കാരണങ്ങളാൽ ആധാർ സമർപ്പിക്കാൻ കഴിയാത്തവരുടെ റേഷൻ കാർഡ് വിവരങ്ങൾ സേവനയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന: 1) 06/11/2017 തീയതിയിലെ സഉ(എംഎസ്) 483/2017/ധന സർക്കാർ ഉത്തരവ്

നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരിൽ 90,000 ലധികം ഗുണഭോക്താക്കൾ ആധാർ വിവരങ്ങൾ ചേർത്തിട്ടില്ല. ആധാർ എടുത്തിട്ടില്ല എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചതിനെ തുടർന്നാണ് ആധാർ സമർപ്പിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഇളവ് ലഭിച്ചവർ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒന്നിലധികം പ്രാദേശിക സർക്കാരുകളിൽ നിന്നും അനർഹമായി കൈപ്പറ്റുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിലേക്ക് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച അവസരത്തിൽ ആധാർ ഇളവ് ലഭിച്ചവർ നിലവിലും ആധാർ എടുത്തിട്ടില്ല എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതും നിലവിൽ ആധാർ എടുത്തിട്ടുള്ളവരുടെ/ലഭ്യമായവരുടെ ആധാർ സേവനയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
2. ആധാർ എടുത്തിട്ടില്ല എന്ന് ബോധ്യമുള്ളവരുടെ കാര്യത്തിൽ പ്രസ്തുത ഗുണഭോക്താവ് ഉൾപ്പെടുന്ന റേഷൻ കാർഡ് നമ്പർ സേവനയിൽ ഉൾപ്പെടുത്തേണ്ടതും റേഷൻ കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യേണ്ടതുമാണ്.
3. ഇത് വളരെ അടിയന്തര പ്രാധാന്യത്തോടെ തന്നെ പൂർത്തീകരിക്കേണ്ടതും ഇത്തരത്തിൽ ആധാർ നമ്പരോ റേഷൻ കാർഡ് നമ്പരോ സേവനയിൽ അപ് ലോഡ് ചെയ്യാതിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ അപ് ലോഡ് ചെയ്തതിനു ശേഷം മാത്രമേ അടുത്ത പ്രാവശ്യം മുതലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുകയുള്ളൂ.
4. ഇത്തരത്തിൽ സമയബന്ധിതമായി വിവരങ്ങൾ അപ് ലോഡ് ചെയ്യാതിരിക്കുന്നത് സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നതായിരിക്കും.
5. സേവന സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ ഇൻഫർമേഷൻ കേരളാ മിഷൻ വരുത്തേണ്ടതാണ്.

**സഞ്ജീവ് കൗശിക് ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ